# ഹാൻഡ് കർച്ചീഫ്

ടി. എ. രാജലക്ഷ്മി



ഹാൻഡ് കർച്ചീഫ്

ടി. എ. രാജലക്ഷ്മി
(മലയാളം: കഥ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution By ShareAlike 4.0 International License for free download and usage.

Cover: The Cellist, a painting by Amedeo Modigliani (1884–1920). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഹാൻഡ് കർച്ചീഫ്

അദ്ദേഹത്തെ ഞാൻ കണ്ടിട്ടില്ല. ഇനി കാണുകയും ഉണ്ടാവില്ലല്ലോ.

എന്റെ ഏട്ടന്റെ കൂട്ടുകാരൻ ആയിരുന്നു. രാജേട്ടൻ പറഞ്ഞു കേട്ടിട്ടുള്ള അറിവ് മാത്രമേ എനിയ്ക്ക് അദ്ദേഹത്തെക്കുറിച്ചുള്ളൂ.

പതിനാല് പതിനഞ്ച് വയസ്സ് പെൺകുട്ടികൾക്ക് ജ്യേഷ്ഠൻമാരോട് വീരാരാധന തോന്നുന്ന പ്രായമാണ്.

അതിനു മുമ്പ് അടിപിടിയാണ് പ്രധാനം. ഏട്ടനുമായി രണ്ടു മൂന്നു വയസ്സിലധികം പ്രായവ്യത്യാസമില്ലെങ്കിൽ പ്രത്യേകിച്ചും. എന്തു പറഞ്ഞാലും കളിയാക്കുകയും എപ്പോഴും ഉപദ്രവിക്കുകയും ചെയ്യുന്ന ശല്യക്കാരാണ് അപ്പോൾ ഏട്ടൻമാർ.

“അമ്മേ, ദേ ഈ ഏട്ടൻ-”

“എന്തിനാടാ അവളെ കരയിക്കണത്?”

“അമ്മ വന്നൊന്നു നോക്കു ഇവള് ഇവിടെ എന്താ കാണിക്കണത് എന്ന്.”

“അവനോട്ട് കളിയ്ക്കാൻ പോണ്ട, പെണ്ണേ. വല്ല പണീം ഉണ്ടെങ്കിൽ നോക്കാണ്ടെ?-”

അവർക്ക് സമയം പോകണ്ടേ? വിടാതെ പുറകെ നടക്കുന്ന അനിയത്തിമാരെ കരയിപ്പിക്കുന്നതല്ലേ വീട്ടിലെത്തിയാൽ പ്രധാന വിനോദം.

ഉപദ്രവിയ്ക്കുന്ന പ്രായം കടന്ന് അവരും വലുതായി പിന്നാലെ നടന്ന് ശല്യപ്പെടുത്തുന്ന പ്രായം കടന്ന് അനിയത്തിമാരും വലുതായി പിന്നത്തെ കാലമാണ് വീരാരാധനയുടെ സമയം.

അത് സുന്ദരമായ കാലമാണ്. അതുപോലെ ഒരടുപ്പം പിന്നെ ഉണ്ടാവില്ല. രണ്ടുപേരും ശരിയ്ക്ക് മുതിർന്ന് പുരുഷനും സ്ത്രീയും ആയിക്കഴിഞ്ഞാൽ പിന്നെ അവരവരുടെ ജീവിതം ആയി. അകന്നകന്നു പോകൽ മാത്രമാണ് പിന്നീട്. അതെ അതു സുന്ദരമായ കാലമാണ്.

എനിയ്ക്ക് പതിനാലു വയസ്സുള്ളപ്പോഴാണ് എന്റെ ഏട്ടൻ മദിരാശിയ്ക്ക് പഠിയ്ക്കാൻ പോയത്.

അന്ന് അദ്ദേഹത്തിന്റെ കൂട്ടുകാരൻ ആയിരുന്ന ആളെപ്പറ്റിയാണ് ഞാൻ പറഞ്ഞു വന്നത്.

കൂട്ടുകാരൻ എന്നല്ല പറയേണ്ടത്. രാജേട്ടൻ കുട്ടിയും അദ്ദേഹം അദ്ധ്യാപകനും ആയിരുന്നല്ലോ. എന്താണ് പറയേണ്ടത് എന്നറിയില്ല. അദ്ധ്യാപകൻ എന്നു മാത്രം പറഞ്ഞാൽ ഒന്നും ആവില്ല.

അദ്ദേഹത്തിനെ ഞാൻ മാധവമേനോൻ എന്നു വിളിയ്ക്കാം. അതല്ല അദ്ദേഹത്തിന്റെ പേര്. എങ്കിലും അങ്ങനെ വിളിയ്ക്കാം.

രാജേട്ടൻ പഠിച്ചുകൊണ്ടിരുന്ന കോളേജിൽ അദ്ധ്യാപകൻ ആയിരുന്നു. അദ്ദേഹം ഏട്ടനെ പഠിപ്പിച്ചിട്ടില്ല. ഏട്ടന്റെ വിഷയം അല്ലായിരുന്നുവല്ലോ.

അവധിയ്ക്ക് രാജേട്ടൻ വീട്ടിൽ വരുമ്പോൾ പറഞ്ഞു കേട്ടിട്ടുള്ള അറിവു മാത്രമേയുള്ളൂ.

ഏട്ടൻ പറയുന്നതെന്തും വേദവാക്യമായിരുന്നു അന്ന്. കോളേജ് പൂട്ടി വരുന്ന ദിവസം കാത്ത് ഇരിയ്ക്കുമായിരുന്നു.

എനിയ്ക്ക് അറിയാൻ വയ്യാത്ത ഞാൻ കണ്ടിട്ടില്ലാത്ത—കാണാൻ ഞാൻ ആർത്തിയോടെ കൊതിച്ചിരുന്ന—പുറമേയുള്ള ലോകത്തിലേയ്ക്കുള്ള ജനാലയായിരുന്നു അന്നെനിയ്ക്ക് ഏട്ടൻ.

പുരുഷൻമാരുടെ ലോകം.

ഒരു കൊച്ചു പെൺകുട്ടിയുടെ ഭാവന എന്തെല്ലാം നിറങ്ങളാണ് ആ ലോകത്തിനു കൊടുക്കുക.

കുലീനതയുടേയും ആഭിജാത്യത്തിന്റേയും മതിൽക്കെട്ടുകൾ ഇല്ലെങ്കിൽ കൂടിയും സ്ത്രീക്ക് പ്രവേശിയ്ക്കാൻ കഴിയാത്ത ആ ലോകം.

സിഗരറ്റും സൈക്കിളും വീരസാഹസികതയും—ശക്തിയുടെ ലോകം.

(ഭംഗിയായി ചൂളം അടിയ്ക്കുന്ന ഒരു സ്ത്രീയെ ഇപ്പോൾ എനിയ്ക്ക് അറിയാം.)

രാജേട്ടൻ കഥകൾ എല്ലാം എന്നോടാണ് പറയുക. വന്നാൽ രണ്ടു ദിവസത്തേയ്ക്ക് എല്ലാവരും ചുറ്റും കാണും. പിന്നെ ഓരോരുത്തർക്ക് അവരവരുടെ കാര്യം. ക്ഷമയോടെ എല്ലാം കേൾക്കാൻ ഏട്ടന് ഞാൻ അല്ലാതെ ആരേയും കിട്ടില്ല.

കോളേജിലെ വിശേഷങ്ങൾ—ഓരോരോ മാസ്റ്റർമാരുടെ പ്രത്യേകതകളും, കുട്ടികൾ ക്ലാസ്സിൽ കാട്ടുന്ന ഓരോ വികൃതിത്തരങ്ങളും എല്ലാം ഒന്നും വിടാതെ പറയുമായിരുന്നു.

രാജേട്ടന്റെ അന്നത്തെ വർണ്ണനകളാണ് എനിയ്ക്ക് ഇംഗ്ലീഷു സിനിമകളോട് ഇത്രയ്ക്കു ഭ്രമം ഉണ്ടാക്കിയത്. സ്റ്റുവർട്ട് ഗ്രേഞ്ചറിനേയും ഓഡ്രിഹെപ്ബേണിനെയും ഗ്രെഗറി പെക്കിനേയും ഞാൻ പരിചയപ്പെടുന്നത് അന്നാണ്.

കേട്ടിട്ടുള്ള പരിചയം മാത്രം.

സിനിമ കാണണമെങ്കിൽ അമ്മയോ അച്ഛനോ കൂടെ വന്നാലല്ലേ ഒക്കൂ. അവർക്കൊട്ടു കാണുകയും വേണ്ട.

മൂത്ത ഏട്ടൻമാർ രണ്ടുപേരും ജോലിയിലായി ഓരോ ദിക്കിലാണ്. ഏടത്തിയും ദൂരെ.

സിനിമ എന്നും പറഞ്ഞു ഒരുപാട് നിർബന്ധം ആയാൽ-

“നിന്റെ ഏടത്തി ഒരിക്കലും ഇങ്ങനെ ശാഠ്യം പിടിച്ചിട്ടില്ല.”

തീർന്നു.

ഇങ്ങനെ നല്ല ഒരു ഏടത്തി ഉണ്ടായതാണ് ഏറ്റവും വലിയ ശല്യം, വില കൂടിയ നിറമുള്ള തുണികൾ വേണമെന്നു പറയുമ്പോഴും അവരുടെ വലിയ നിഴൽ ആയിരിയ്ക്കും മുമ്പിൽ.

ഞാൻ അവരെ മനസ്സിൽ പലപ്പോഴും പ്രാകിയിട്ടുണ്ട് എന്നു എന്റെ പ്രിയപ്പെട്ട ഏടത്തി അറിയില്ല.

ഞാനും രാജേട്ടനും ആയിരുന്നു ചങ്ങാതിമാർ. ഞങ്ങൾ തമ്മിലാണ് കൊച്ചിലേ ഏറ്റവും അധികം അടിപിടിയും നടന്നിട്ടുള്ളത്.

“ഭദ്രകാളി-”

“ചുടലമാടൻ-” കുറയ്ക്കുന്ന അനിയത്തിയാണോ?

രാജേട്ടൻ ആദ്യമായി പെട്ടിയും കിടക്കയും ഒക്കെ കൊണ്ടുപോയ ദിവസം ഞാൻ കിടന്ന് കരഞ്ഞ കരച്ചിൽ ഇന്നും ഓർമ്മയുണ്ട്.

ഏട്ടൻ എനിയ്ക്ക് എഴുത്തുകൾ അയയ്ക്കാറില്ല. അവധിക്കു വരുമ്പോൾ—ആ ദിവസങ്ങൾ എത്ര വേഗമാണ് പോകുക.

അന്ന് ഏട്ടൻ പറഞ്ഞിട്ടുള്ളത് എല്ലാം വാസ്തവമായിരുന്നു എന്ന് എനിയ്ക്കിപ്പോൾ തോന്നുന്നില്ല. എന്ത് പുളു അടിച്ചാലും ചിലവാകുമെന്ന് കണ്ടാൽ-

രാജേട്ടൻ മദിരാശിയിൽനിന്ന് കൊണ്ടു വന്ന ആദ്യത്തെ പരിഷ്കാരം ഇതായിരുന്നു. കാലത്ത് എണീറ്റ ഉടൻ കാപ്പി കുടിയ്ക്കണം.

ഞങ്ങളുടെ വീട്ടിൽ കുളിയ്ക്കാതെ ആരും ഒന്നും കഴിച്ചു പോകരുതെന്നായിരുന്നു ശട്ടം. അമ്മയ്ക്ക് ആദ്യമൊക്കെ കുളിച്ചാൽ മാത്രം പോരാ അമ്പലത്തിൽ തൊഴുതു വരികയും കൂടി വേണമായിരുന്നു.

രാജേട്ടൻ മദിരാശിയിൽ ചെന്ന് ആദ്യം ഉപേക്ഷിച്ചതു ഈ കുളിയാണ്.

തിരിച്ചു വന്നപ്പോഴും ബെഡ്കോഫി വിടാൻ മടി. കാലത്തെ ഈ കാപ്പി സംഘടിപ്പിച്ചു കൊടുത്തിരുന്നതു ഞാനാണ്. അമ്മ കുളിച്ചു തൊഴുതു വരുമ്പോഴേക്ക് ഗ്ലാസുകൂടി കഴുകി കമിഴ്ത്തിയിരിയ്ക്കും.

അമ്മ അറിയുന്നില്ലെന്നാണ് അന്നു ഞങ്ങൾ രണ്ടു പേരും വെച്ചിരുന്നത്.

അവർ അറിഞ്ഞിരുന്നു എന്ന് എനിയ്ക്ക് തീർച്ചയുണ്ട്. അവരുടെ പൊന്നുമകൻ കുളിയ്ക്കുകയേ ഇല്ല എന്ന് പറഞ്ഞിരുന്നെങ്കിലും അവർ അപ്രിയം കാണിയ്ക്കില്ലായിരുന്നു. മകൻ തന്റെ ചട്ടം തെറ്റി നടന്നാൽ അത് അറിഞ്ഞില്ലെന്ന് ഭാവിച്ച് കണ്ണടയ്ക്കുകയല്ലാതെ എതിരു പറയുക ഉണ്ടാവില്ലായിരുന്നു.

ഞങ്ങൾക്ക് അത് മനസ്സിലാകാറായിരുന്നില്ലല്ലോ. അന്ന് വലിയ ഒരു ഗൂഢാലോചനയോ രഹസ്യപ്രവർത്തനമോ ഒക്കെ ആയിട്ടാണ് ഈ കാപ്പി ഉണ്ടാക്കൽ ഞങ്ങൾ അന്നു കണക്കാക്കിയിരുന്നത്. എന്തൊരു ഭയങ്കര രസമായിരുന്നു അത്. എന്തെല്ലാം പുകവെള്ളങ്ങളാണ് കാപ്പി എന്നും പറഞ്ഞു പാവം ഏട്ടനെക്കൊണ്ടു കുടിപ്പിച്ചിട്ടുള്ളത്.

പോയി രണ്ടാമത്തെ അവധിയ്ക്കു വന്നപ്പോഴാണ് മാധവൻ മാസ്റ്ററെ ഞങ്ങൾക്കൊക്കെ പരിചയമായത്. ഏട്ടന് അവിടെ വെച്ചു ടൈഫോയ്ഡ് പിടിച്ചു. അദ്ദേഹമാണ് അടുത്തിരുന്ന് ശുശ്രൂഷിച്ചത്—തനിയ്ക്ക് നല്ല സുഖമില്ലാതിരുന്നിട്ടും അതു വകവയ്ക്കാതെ. അത്തവണ ഏട്ടൻ മടങ്ങിപ്പോയത് ഹോസ്റ്റലിൽ നിന്നു താമസം മാറ്റി അദ്ദേഹത്തിന്റെ കൂടെ താമസിച്ചോളാൻ അനുവാദവും ആയിട്ടാണ്. കുട്ടികളുടെ ജീവൻ ആയിരുന്നു അദ്ദേഹം. ദിവസേന വൈകുന്നേരം കുറെ പേർ വീട്ടിൽ കൂടും. അവരുടെ കൂടെ ചേർന്ന് അവരെപ്പോലെ ബഹളം കൂട്ടുകയും ചിരിച്ചുല്ലസിയ്ക്കുകയും ചെയ്യുമ്പോൾ അസാധാരണ ബുദ്ധിവൈഭവവും വായിച്ചറിവും ഉള്ള ആളാണ് ഇത് എന്നു തോന്നില്ല.

അതും ഹൃദയത്തിനു സാരമായ സുഖക്കേടുള്ള ഒരു മനുഷ്യൻ. ഏതു നിമിഷവും മുന്നറിയിപ്പുകൂടാതെ കയറി വരാവുന്ന മരണം പുറകിലുണ്ട് എന്ന് അറിഞ്ഞുകൊണ്ടുള്ള ജീവിതം.

രാജേട്ടനോട്ട് മാത്രമേ അസുഖത്തിന്റെ കാര്യം പറയാറുള്ളൂ.

അതിനെപ്പറ്റി സംസാരിയ്ക്കുന്നത് അദ്ദേഹത്തിനിഷ്ടമല്ല.

അദ്ദേഹം ഇങ്ങനെ വർത്തമാനം പറഞ്ഞു ലഹളകൂട്ടുന്നതിനെതിരായിരുന്നു ഏട്ടൻ.

ഏട്ടനോട്ട് മാത്രം സംസാരിയ്ക്കുന്നതാണ് ഏട്ടൻ ഇഷ്ടപ്പെട്ടിരുന്നത് എന്നു തോന്നുന്നു.

ഒരിയ്ക്കൽ ഈ ബഹളം കാരണം തനിയ്ക്കു പഠിക്കാൻ സൗകര്യമില്ലെന്നു പറഞ്ഞു നോക്കുകകൂടി ചെയ്തുവത്രേ.

“രാജന് പഠിയ്ക്കാൻ സൗകര്യമില്ലാതെ ആകുന്നത് എനിയ്ക്കും വിഷമമുള്ള സംഗതിയാണ്. അങ്ങനെയാണെങ്കിൽ രാജൻ ഹോസ്റ്റലിൽ തന്നെ താമസിയ്ക്കുകയേ നിവൃത്തിയുള്ളൂ.”

അസൗകര്യത്തിന്റെ കാര്യം ഏട്ടൻ പിന്നെ പറഞ്ഞിട്ടില്ല.

അദ്ദേഹം മാസികകളിൽ എഴുതുമായിരുന്നു, മനുഷ്യൻ ചിരിച്ചു തല തല്ലിപ്പോകുന്ന വിനോദഭാവനകൾ. ചിരി ഇല്ലാത്ത ഒന്നും അദ്ദേഹം എഴുതാറില്ല.

അധികം ദേഹം ആയാസപ്പെടരുത് എന്ന് ഡോക്ടർ ഉപദേശിച്ചിരുന്നെങ്കിലും കുട്ടികളുടെ കൂടെ പൊരിവെയിലത്തു ക്രിക്കറ്റ് കളിയ്ക്കാൻ നിൽക്കാൻ ഒരു കൂസലുമില്ല.

പകലൊക്കെ ഇങ്ങനെ കഴിഞ്ഞു് രാത്രി മുഴുവൻ അദ്ദേഹത്തിനു വേദന അനുഭവിക്കേണ്ടി വരും. എന്നാലും കൂട്ടാക്കില്ല.

ഏട്ടൻ നിർബന്ധിച്ചു നോക്കിയിട്ടുണ്ട് സൂക്ഷിച്ചിരിയ്ക്കാൻ.

“എന്ത് സൂക്ഷിയ്ക്കണ? ഒന്നു മിണ്ടാണ്ട് ഇരിയ്ക്ക്. ഒരു ദിവസം എന്തായാലും മരിയ്ക്കുമേ.”

ഒരു ദിവസം എന്തായാലും മരിയ്ക്കും. പിന്നെ ചിരിച്ചുകൊണ്ട് കഴിയുക.

അദ്ദേഹത്തിനെപ്പറ്റി പറഞ്ഞു് ഞങ്ങൾ രണ്ടുപേരും കൂടി വേദന തിന്നിട്ടുണ്ട്. കുറച്ചുകൂടി കരുതലോടെ ജീവിയ്ക്കുവാൻ അദ്ദേഹത്തെ നിർബന്ധിയ്ക്കുവാനുള്ള പദ്ധതികൾ ഉണ്ടാക്കാറുണ്ട്.

അദ്ദേഹത്തെ ഞാൻ കണ്ടിട്ടില്ല. കണ്ടാൽ എങ്ങനെയാണ് എന്നുപോലും ശരിക്കറിയില്ല. ചടച്ചാണ്, നല്ലപൊക്കം, ഇരുനിറം ഇത്രയും അറിയാം.

മുടി ചുരുണ്ടതാണോ? വലിയ കണ്ണാണോ? അറ്റം കുറച്ചു വളഞ്ഞ മൂക്കാണെനിക്കിഷ്ടം. അങ്ങിനത്താണോ അദ്ദേഹത്തിന്റെ മൂക്ക്?

ഇങ്ങനെ ഒരു നൂറു വട്ടം കാര്യം അറിയണമായിരുന്നു.

ഒരു ഏട്ടനോട്ട് ഇതെല്ലാം ചോദിയ്ക്കുന്നതെങ്ങനെ?

ഫോട്ടോ എടുക്കാൻ നിന്നുകൊടുക്കുന്നത് അദ്ദേഹത്തിന് വെറുപ്പാണ്. ഒരു സ്നാപ്പുപോലും കണ്ടിട്ടില്ല.

“ഞാൻ പറഞ്ഞില്ലേ സുന്ദരനൊന്നുമല്ല. നല്ല പെർസണാലിറ്റി ഉണ്ട് പക്ഷേ,” ഇതിലപ്പുറമൊന്നും പറയാനില്ല ഏട്ടന്.

ഒരു പുരുഷൻ മറ്റൊരു പുരുഷനെ എത്ര കണ്ട് സ്നേഹമാണെങ്കിലും ഇത്രയ്ക്കേ ശ്രദ്ധിക്കുള്ളായിരിയ്ക്കും.

അവർ രണ്ടുപേരും കൂടി നീന്താൻ പോയ കഥ സംഭവം നടന്ന് കുറെ കഴിഞ്ഞാണ് ഞാൻ അറിഞ്ഞത്.

കൂടെക്കൂടെ പോകുന്നതാണ് അവർ അങ്ങനെ. സാധാരണ പോകുന്ന കടപ്പുറത്തല്ല അത്തവണ പോയത്. കുറെ അധികം ദൂരേയ്ക്ക് നീന്തുകയും ചെയ്തു.

“തിരിയൂ, മടങ്ങാം നമുക്ക്.” പെട്ടെന്നദ്ദേഹം പറഞ്ഞു. കാര്യം എന്താണെന്ന് മനസ്സിലായില്ലെങ്കിലും ഏട്ടൻ തിരിഞ്ഞു. കരയ്ക്കെത്താറായി തിരിഞ്ഞു നോക്കിയപ്പോഴാണ് അറിയുന്നത് അദ്ദേഹം വളരെ പുറകിലാണ് എന്ന്.

പരിഭ്രമിച്ച് തിരിച്ചുചെല്ലാൻ തുടങ്ങിയപ്പോൾ അദ്ദേഹം വിളിച്ചു പറഞ്ഞു. “രാജൻ കേറിക്കോളൂ, ഞാൻ ദേ എത്തി.”

അദ്ദേഹം എത്തുന്നതുവരെ ഏട്ടൻ അവിടെ നിന്നു. രണ്ടുപേരും ഒന്നിച്ചു കയറി. “എന്താ പിന്നാലെ നിന്നത്?”

“സ്രാവുള്ള കടപ്പുറമാണ് ഇത്. പിന്നെയാണ് ഞാൻ ഓർത്തത്. ഇവിടെ അങ്ങനെ സാധാരണ നീന്താറില്ല. എന്തോ ഒന്ന് ഇളകുന്നത് കണ്ടു എന്നു തോന്നി വെള്ളത്തില്.”

“സ്രാവിനെകണ്ടാൽ വേഗം കേറുകയല്ലേ വേണ്ടത്?”

“രാജൻ കൊച്ചല്ലേ. മുമ്പേ പൊയ്ക്കോട്ടെ എന്നു വിചാരിച്ചു.”

ഏപ്രിലിൽ വലിയ അവധിക്ക് വന്നപ്പോഴാണ് ഇത് ഏട്ടൻ എന്നോട്ട് പറഞ്ഞത്. ഇടയ്ക്ക് വന്നപ്പോഴൊന്നും പറഞ്ഞില്ല.

ആ അവധിക്കാണ് ഞാൻ അദ്ദേഹത്തിനുവേണ്ടി കർച്ചീഫ് തുന്നിയത്. കമ്പിളികൊണ്ട് ഒരു മഫ്ളർ തുന്നാനാണ് ഞാൻ ആദ്യം വിചാരിച്ചിരുന്നത്. കമ്പിളി തുന്നാൻ എനിയ്ക്കറിഞ്ഞുകൂടാ. അതിനുള്ള സൂചികൾ ഇല്ല നൂലും ഇല്ല. തുന്നാൻ പഠിയ്ക്കാം എന്നു വിചാരിച്ചാൽ തന്നെയും ഈ സാധനങ്ങൾ ഒക്കെ വാങ്ങിയ്ക്കുമ്പോൾ എല്ലാവരും അറിയും. പട്ടുനൂൽ ആരും അറിയാതെ വാങ്ങിയ്ക്കുന്നത് ഒരു പ്രശ്നമല്ല. വെള്ളത്തുണിയിൽ തയ്ക്കുന്നത് അഥവാ ആരെങ്കിലും കണ്ടാൽ തന്നെ ചോദ്യങ്ങൾ ഉണ്ടാവില്ല.

മഫ്ളർ ആയിരുന്നു അദ്ദേഹത്തിന് വേണ്ടത്. എന്തു ചെയ്യാൻ.

കർച്ചീഫ് തന്നെ ആവട്ടെ എന്നു നിശ്ചയിച്ചു. (കർച്ചീഫ് തുന്നി സ്നേഹമുള്ളവർക്കു കൊടുക്കുന്നത് ഭാഗ്യദോഷമാണ് എന്ന് ഇന്നാള് ആരോ പറഞ്ഞു.)

നാലു ചതുരൻ കഷ്ണങ്ങൾ മുറിച്ചെടുത്തു. വക്കു വീതിയിൽ മടക്കി തുന്നി. ഒരു മൂലയിൽ ഒരു പൂവ്. എതിരേയുള്ള കോണിൽ അദ്ദേഹത്തിന്റെ പേരിന്റെ ആദ്യക്ഷരങ്ങൾ.

തുന്നൽ പണിയിൽ വിദഗ്ധയല്ല ഞാൻ—അന്നും ഇന്നും.

എങ്കിലും ഞാൻ തുന്നി. ചുളിയാതെ ഇരിയ്ക്കണമെങ്കിൽ തുണി വട്ടത്തിലുള്ള ഫ്രെയ്മിൽ വെച്ച് പിടിപ്പിച്ചിട്ടുവേണം പൂ തുന്നാൻ എന്ന് എനിയ്ക്ക് അന്ന് അറിഞ്ഞുകൂടായിരുന്നു.

തുന്നിക്കഴിഞ്ഞപ്പോൾ കൈയിൽ പിടിച്ച് അഴുക്കായിട്ടുണ്ടോ എന്ന് സംശയം തോന്നിയതു കൊണ്ട് നനച്ചു. മേൽ തേയ്ക്കുന്ന വാസന സോപ്പിട്ട് പതച്ചു നനച്ചു മഞ്ഞ നൂലിന്റെ നിറം കുറച്ച് ഇളകി.

സാരമില്ലെന്നു വെച്ചു. കുറച്ചേ പടർന്നിട്ടുള്ളൂ. ഞാൻ ആ കർച്ചീഫുകൾ മടക്കി പുസ്തകം കനം വെച്ച് ഇസ്തിരി ഇട്ടതു പോലെ ആക്കി. പാടുപെട്ട് എവിടെനിന്നോ സമ്പാദിച്ച വർണ്ണക്കടലാസിൽ പൊതിഞ്ഞു. തുറന്നു കാണിച്ചതിനു ശേഷമാണ് ഏട്ടനെ ഏൽപ്പിച്ചത് കൊണ്ടു കൊടുക്കാൻ.

പിറ്റേ ദിവസമാണ് രാജേട്ടന് പോകേണ്ടത്. അമ്മ കായ് വറുത്തതും ശർക്കര ഉപ്പേരിയും ഒക്കെ വലിയ ടിന്നുകളിലാക്കി കൊണ്ടു വന്നപ്പോൾ പെട്ടിയിൽ എല്ലാത്തിനു കൂടി സ്ഥലമില്ല.

(ഈ ടിന്നുകൾ മടക്കി എത്തിച്ചുകൊള്ളണമെന്നാണ് അമ്മയുടെ ചട്ടം. ഏട്ടൻ ഒരിക്കലും കൊണ്ടുവരാറില്ല.)

കിടക്കയിൽ വെക്കാമെന്ന് ഏട്ടൻ പറഞ്ഞു. അതമ്മയ്ക്ക് സമ്മതമല്ല. ഉപ്പേരി തണുക്കും.

“നീ മാറ്. ഞാൻ നോക്കട്ടെ എല്ലാ തവണയും കൊണ്ടുപോണതാണല്ലോ. ഇത്തവണ ഒരു സ്ഥലല്യായ. വാരിവലിച്ചിട്ട നിറച്ചിരിയ്ക്കുകയായിരിക്കും. ഞാൻ ഒന്ന് ഒതുക്കി നോക്കട്ടെ.”

അമ്മ ഓരോന്നായി പുറത്തിട്ടു. രണ്ടാമതും അടുക്കി തുടങ്ങി. സ്ഥലം ഉണ്ടായി. പക്ഷേ, എന്റെ ആ കടലാസ്സ് പൊതി അമ്മയുടെ കണ്ണിൽപ്പെട്ടു.

“ഇതെന്താ?”

ഞങ്ങൾ രണ്ടുപേരും ഒന്നും മിണ്ടാതെ നിന്നു.

“നിനക്കിതെവിടുന്നു കിട്ടി?”

“ഞാൻ തുന്നിയതാണമ്മേ” വരുന്നതു വരട്ടെ എന്നു വെച്ചു ഞാൻ പറഞ്ഞു.

തിരിച്ചുവെച്ച് പൊതിയാൻ തുടങ്ങിയപ്പോഴാണ്-

അമ്മ ഇംഗ്ലീഷ് പഠിച്ചിട്ടുണ്ട് എന്നത് ഒരു അഭിമാനമായിട്ടാണ് ഞാൻ അതുവരെ കണക്കാക്കിയിരുന്നത്-

“ഇത് ആരുടെ പേരിന്റെ അക്ഷരം?”

ഏട്ടൻ മിണ്ടിയില്ല. ഞാൻ തലപൊക്കിയതു തന്നെയില്ല.

അന്നു വൈകുന്നേരം എനിയ്ക്കു കുറെ ശകാരം കിട്ടി ആരോടും പറയാതെ കർച്ചീഫ് തുന്നി വല്ല ആണുങ്ങൾക്കും കൊടുത്തയയ്ക്കാൻ തുടങ്ങിയതിന്.

ഏട്ടൻ പോകുന്നതിനു മുൻപ് കുറെ കിട്ടി എന്നു തോന്നുന്നു.

അങ്ങനെ ഞാൻ പാട് പെട്ട് ഉറക്കമൊഴിച്ചിരുന്ന് തുന്നിയുണ്ടാക്കിയ ആ കർച്ചീഫുകൾ എത്തേണ്ടയിടത്ത് എത്തിയില്ല.

അന്നു ഞാൻ ഒരുപാടു കരഞ്ഞു.

അടുത്ത അവധിയ്ക്ക് ഏട്ടൻ വന്നപ്പോഴേയ്ക്കും അദ്ദേഹത്തിനു വളരെ കൂടുതൽ ആയിരുന്നു. ക്രിക്കറ്റ് കളിയ്ക്കാനൊന്നും പോകാതായി. വൈകുന്നേരം നടക്കാനിറങ്ങുമ്പോൾ ചങ്ങാതിയുടെ മട്ടിൽ ഏട്ടന്റെ തോളത്തു കൂടി ഇടുന്ന കൈ പലപ്പോഴും ഏട്ടനെ ഒരു താങ്ങാക്കാനാണ് പ്രയോജനപ്പെടുക. അര ഫർലോങ്ങ് നടന്നാൽ നിൽക്കണം.

“നല്ല കാറ്റുണ്ട് ഇവിടെ ഇല്ലേ? കുറച്ച് നിൽക്കാം. പതുക്കെ പോയാൽ മതിയല്ലോ. കാറ്റു കൊള്ളാനല്ലേ ഇറങ്ങിയത്.”

കാര്യം അറിയാവുന്ന രാജേട്ടൻ ഉടനെ നിൽക്കും.

മുറിയിൽ കുട്ടികൾ കൂട്ടം കൂടി ലഹളവെയ്ക്കുമ്പോൾ ഇപ്പോൾ അദ്ദേഹം പണ്ടത്തെപ്പോലെ അവരുടെ കൂടെ ചേർന്ന് ഉറക്കെ സംസാരിയ്ക്കാറില്ല.

“രാജൻ ആ ജനലൊന്നു തുറക്കൂ. ഭയങ്കര ഉഷ്ണം ഇല്ലേ?”

മഹാ പാപികളെ, ഓരോ ശ്വാസവും വിഷമിച്ച് വലിയ്ക്കുന്ന ഈ വലിയ മനുഷ്യനെ നിങ്ങൾ കൊല്ലുകയാണ്. ഇറങ്ങിപ്പോക അതിനകത്തുനിന്ന് എന്ന് വിളിച്ചു പറയാൻ ഏട്ടന് ധൈര്യം ഇല്ലായിരുന്നു.

രാജേട്ടന്റെ കൂടെയാണ് നാട്ടിലേക്കു പോന്നത്. റെയിൽവേ സ്റ്റേഷനിൽ വന്നിരുന്ന അദ്ദേഹത്തിന്റെ അമ്മ മകൻ വണ്ടിയിൽ നിന്ന് ഇറങ്ങുന്നതു കണ്ട് ബോധം കെട്ടു വീണു.

ആ അവധിക്ക് അദ്ദേഹം മരിച്ചു. മരവിപ്പിയ്ക്കുന്ന വേദന കുറെ നാൾ കൊണ്ടു നീങ്ങി. എല്ലാത്തിനോടും എല്ലാവരോടും.

-പ്രത്യേകിച്ച് എന്നോടു തന്നെ—കടുത്ത വിദ്വേഷമായി മാറി അത്.

വളരെക്കാലത്തേയ്ക്ക് പിന്നെ എനിയ്ക്കൊന്നു ചിരിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

ആ കർച്ചീഫുകൾ അങ്ങ് എത്തിയിരുന്നെങ്കിൽ എന്റെ ഈ ജീവിതത്തിന്റെ മുഴുവൻ പ്രാർത്ഥനകളും ആശിസ്സുകളും കൊണ്ട് ആ കർച്ചീഫുകൾ അങ്ങെത്തിയിരുന്നെങ്കിൽ—അദ്ദേഹം മരിയ്ക്കില്ലായിരുന്നു എന്നു ഞാൻ സങ്കൽപ്പിച്ചിരുന്നോ?

എന്നിലെ മുഴുവൻ ആർദ്രതയും ഊറ്റിയെടുത്ത് അതുകൊണ്ട് നിറം പിടിപ്പിച്ച മഞ്ഞ നൂലുകൊണ്ട് ഞാൻ പാടുപെട്ട് തയ്ച്ചുണ്ടാക്കിയ കർച്ചീഫുകൾ മൃത്യുഞ്ജയ മന്ത്രം ജപിച്ച വല്ല ‘യന്ത്ര’ത്തകിടു പോലെ അദ്ദേഹത്തെ മരണത്തിൽ നിന്നു രക്ഷിയ്ക്കുമായിരുന്നു എന്ന് ഞാൻ വിശ്വസിച്ചിരുന്നോ?

അതിൽ പിന്നെ ഞാൻ കർച്ചീഫ് തുന്നിയിട്ടില്ല.

ഇന്നെന്റെ പിറന്നാളാണ്. എനിയ്ക്ക് പിറന്നാൾ സമ്മാനമായി തപാലിൽ വന്ന ഒരു ഡസൻ കർച്ചീഫുകളുടെ കടലാസ് പെട്ടി മുമ്പിൽ തുറന്നു കിടക്കുന്നു.

കോണോടുകോൺ ചേർത്തു മടക്കി പച്ചക്കരകൾ പുറത്തു കാണത്തക്ക വിധം ഭംഗിയായി അടുക്കി വെച്ചിട്ടുള്ള കർച്ചീഫുകൾ കൈകൊണ്ട് തയ്ച്ചവ അല്ല.

മാറാലപോലെ ലോലമായ ഈ ലേഡീസ് ഹാങ്കികൾ സമ്മാനമായി കിട്ടുമ്പോൾ വേദനയുടെ കയ്പു മുഴുവൻ മാറിയിട്ടില്ലാത്ത ഓർമ്മകൾ അയവിറക്കാനുണ്ട് എനിയ്ക്ക് എന്ന് ഇത് അയച്ച ആൾക്ക് അറിയില്ല.

എനിയ്ക്ക് പച്ചനിറമാണ് ഇഷ്ടം എന്ന് ഓർമ്മിച്ചുകൊണ്ട് അരുമയോടെ ഒരുക്കിയിരിക്കുന്ന നേർമ്മയുടെ ഈ അഴകുകൾ.

സ്നേഹത്തിന്റെ ഒരു ലോകം തന്നെ ഉണ്ട് ഇവയ്ക്ക് പുറകിൽ എങ്കിലും.

ഞാൻ പണ്ട് മഞ്ഞ ഇതളുകൾക്ക് നടുക്ക് വയലറ്റു പൊട്ടുകളുമായി പൂ തുന്നി ഉണ്ടാക്കിയ ആ കർച്ചീഫുകൾക്ക് എന്തു സംഭവിച്ചു?

അമ്മയുടെ കാൽപ്പെട്ടിയിൽ ഉണങ്ങിയ കൈതപ്പൂവിന്റെ വാസന അടിയ്ക്കുന്ന അമ്മയുടെ മുണ്ടു പെട്ടിയിൽ—പഴയ എഴുന്നൂറ്റി മൂന്ന് മൽ ഒന്നരകളുടേയും ഉപയോഗിയ്ക്കാൻ കൊള്ളാതായി, കൊടുത്തു സ്റ്റീൽ പാത്രങ്ങൾ പകരം മേടിയ്ക്കാൻ വേണ്ടി സൂക്ഷിയ്ക്കുന്ന കസവ് രണ്ടാമുണ്ടുകളുടേയും അടിയിൽ അവ ഇപ്പോഴും നിറം മങ്ങി കിടപ്പുണ്ടോ?

□

# ടി. എ. രാജലക്ഷ്മി



ജനനം: ജൂൺ 2, 1930
മരണം: ജനുവരി 18, 1965
പഠിച്ച വിദ്യാലയം: ബനാറസ് ഹിന്ദു സർവ്വകലാശാല.
ശ്രദ്ധേയമായ രചന(കൾ): ഉച്ചവെയിലും ഇളംനിലാവും, ഞാനെന്ന ഭാവം.

## ജീവിതരേഖ

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ തേക്കത്ത് അമയങ്കോട്ട് തറവാട്ടിൽ മാരാത്ത് അച്യുതമേനോന്റെയും ടി. എ. കുട്ടിമാളു അമ്മയുടെയും മകളായാണ് രാജലക്ഷ്മിയുടെ ജനനം. എറണാകുളം ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂളിൽ ഭൗതികശാസ്ത്രത്തിൽ ബിരുദം നേടിയതിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ മലയാളസാഹിത്യത്തിൽ ബിരുദാനന്തരബിരുദത്തിനു ചേർന്നുവെങ്കിലും പഠനം പാതിയിൽ നിറുത്തി. പിന്നീട് രാജലക്ഷ്മി ബനാറസ് ഹിന്ദു സർവകലാശാലയിൽനിന്ന് 1953-ൽ ഭൗതികശാസ്ത്രത്തിൽ മാസ്റ്റർ ബിരുദംനേടി. പെരുന്താന്നി, പന്തളം, ഒറ്റപ്പാലം എൻ. എസ്. എസ്. കോളേജുകളിൽ അദ്ധ്യാപക വൃത്തിനോക്കി.

1956-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ച 'മകൾ' എന്ന നീണ്ടകഥയിലൂടെയാണ് രാജലക്ഷ്മി ശ്രദ്ധിക്കപ്പെടുന്നത്. 1958-ൽ 'ഒരു വഴിയും കുറേ നിഴലുകളും' എന്ന നോവൽ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചുതുടങ്ങി. 1960-ൽ 'ഉച്ചവെയിലും ഇളംനിലാവും' എന്ന നോവൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഖണ്ഡശ്ശയായി വന്നുതുടങ്ങിയെങ്കിലും ഏഴെട്ട് ഭാഗങ്ങൾക്കു ശേഷം രാജലക്ഷ്മിയുടെ ആവശ്യപ്രകാരം നോവൽ നിർത്തിവെച്ചു. തങ്ങളുടെ കഥയാണു രാജലക്ഷ്മി വിറ്റകാശാക്കുന്നതെന്ന ചില ബന്ധുക്കളുടെ ആക്ഷേപമാണ് ഇതിനു കാരണമായത്. എഴുതിയ നോവൽ പിന്നീട് രാജലക്ഷ്മി കത്തിച്ചുകളയുകയുണ്ടായി. 1965-ൽ 'ഞാനെന്ന ഭാവം' എന്ന നോവൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ പുറത്തുവന്നു. മാതൃഭൂമിയെക്കൂടാതെ മംഗളോദയം, തിലകം, ജനയുഗം, നവജീവൻ എന്നീ പ്രസിദ്ധീകരണങ്ങളിലാണ് രാജലക്ഷ്മി കഥകൾ എഴുതിയിരുന്നത്. 1965 ജനുവരി 18-ന് രാജലക്ഷ്മി രാവിലെ വീട്ടിൽ നിന്ന് കോളേജിലേക്ക് പുറപ്പെട്ടു. പക്ഷേ, വീട്ടിൽ തിരിച്ചെത്തി ആത്മഹത്യ ചെയ്തു. അന്ന് അവർക്ക് 34 വയസ്സായിരുന്നു. ഇവരുടെ സഹോദരിയായിരുന്നു ഗണിതശാസ്ത്രജ്ഞയായ ടി. എ. സരസ്വതിയമ്മ

## പൈതൃകവും ബഹുമതികളും

മലയാളത്തിന്റെ എമിലി ബ്രോണ്ടി എന്നാണ് രാജലക്ഷ്മി അറിയപ്പെടുന്നത്. ഏഴ് ചെറുകഥയും ഒരു ഗദ്യ കവിതയും കവിതാ സമാഹാരവും, മൂന്ന് നോവലും എഴുതി. 'ഒരു വഴിയും കുറേ നിഴലുകളും' എന്ന കൃതിക്ക് 1960-ൽ നോവലിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് കിട്ടി. ഈ നോവൽ പിന്നീട് ദൂരദർശനിൽ സീരിയലായും ആകാശവാണിയിൽ നാടകമായും സംപ്രേക്ഷണം ചെയ്തു. മറ്റ് നോവലുകൾ 'ഞാനെന്ന ഭാവം', 'ഉച്ചവെയിലും ഇളം നിലാവും' എന്നിവയാണ്. "നിന്നെ ഞാൻ സ്നേഹിക്കുന്നു" എന്ന കവിതാ സമാഹാരം വളരെ ശ്രദ്ധിക്കപ്പെട്ടു.

## കൃതികൾ

### നോവലുകൾ

- ഒരു വഴിയും കുറേ നിഴലുകളും
- ഉച്ചവെയിലും ഇളംനിലാവും (അപൂർണ്ണം)
- ഞാനെന്ന ഭാവം

### കഥകൾ

- രാജലക്ഷ്മിയുടെ കഥകൾ
- സുന്ദരിയും കൂട്ടുകാരും
- മകൾ
- ആത്മഹത്യ

### കവിതകൾ

കുമിള (1963), നിന്നെ ഞാൻ സ്നേഹിക്കുന്നു എന്നിങ്ങനെ രാജലക്ഷ്മിയുടെ രണ്ടു കവിതകൾ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നു.

## പുരസ്കാരങ്ങൾ

കേരള സാഹിത്യ അക്കാദമി അവാർഡ് (നോവൽ) 1960—ഒരു വഴിയും കുറേ നിഴലുകളും.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014